സർക്കുലർ നമ്പർ SKJMCC/ 12 A/2018-19


# SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL

Samasthalayam, Chelari, P.O. Thenhipalam, Malappuram-673 636.
Tel: 2400530, 2400749, Fax: 2400530 (0494)
website: www.skjmcc.com, Email: skjmccchelari@gmail.com


സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ 60-ാം വാർഷികം. 2019 ഡിസംബർ 27, 28, 29 (വെള്ളി, ശനി, ഞായർ) എറണാകുളം

***റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികളെ അറിയിക്കുന്നത്***

മാന്യരെ, السلام عليكم

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ അറുപതാം വാർഷികത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട താഴെ പറയുന്ന കർമപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

## മുഅല്ലിം അദാലത്ത്: 2019 ഫെബ്രുവരി 1 – 28

* നേരത്തെ പ്രഖ്യാപിക്കപ്പെട്ട എം.എസ്.ആർ. അദാലത്ത് (2018 നവംബർ, ഡിസംബർ) 2019 ഫെബ്രുവരി വരെ നീട്ടിയിരിക്കുന്നു. കൗൺസിൽ ഓഫീസുമായി ബന്ധപ്പെട്ട് നിങ്ങളുടെ റെയ്ഞ്ചിന്റെ കീഴിൽ വേതനവിഹിതം അടച്ചു തീർക്കാത്തവരുണ്ടെങ്കിൽ അവരുടെ എം.എസ്.ആർ. ശേഖരിച്ച് ഓഫീസുമായി ബന്ധപ്പെട്ട് 2019 ഫെബ്രുവരി അവസാനിക്കുന്നതിന് മുമ്പായി വിഹിതമടച്ചു കൗൺസിൽ നൽകുന്ന സഹായം ലഭിക്കുന്നതിനുള്ള തടസ്സം നീക്കേണ്ടതാണ്. അതോടൊപ്പം സർവ്വീസ് ശരിപ്പെടുത്താത്തവരുണ്ടെങ്കിൽ വിദ്യാഭ്യാസ ബോർഡ് ഓഫീസുമായി ബന്ധപ്പെട്ട് എം.എസ്.ആർ. ശരിപ്പെടുത്താനും ആവശ്യമായത് ചെയ്യേണ്ടതാണ്. മേലിൽ ഒരു കാരണവശാലും വിഹിതമടച്ചുതീർക്കുന്നതിന് ഇളവ്വേള അനുവദിക്കുന്നതല്ല.

## റെയ്ഞ്ച് ലീഡേഴ്സ് മീറ്റ്: (2019 മാർച്ച് 1 – 31)

* മാർച്ച് 1-31 നിടയിൽ റെയ്ഞ്ചിന് കീഴിലെ മഹല്ല്, മദ്റസാ കമ്മിറ്റി, യൂണിറ്റ് എസ്.വൈ.എസ്, എസ്.എം.എഫ്, എസ്.കെ.എസ്.എസ്.എഫ്, എസ്.കെ.എസ്.ബി.വി, മദ്റസാ മാനേജ്മെന്റ് അസോസിയേഷൻ ഭാരവാഹികൾ, മദ്റസാ മുഅല്ലിംകൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് ലീഡേഴ്സ് മീറ്റ് നടത്തുകയും റെയ്ഞ്ച് സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

* മീറ്റിൽ സംബന്ധിക്കുന്ന കമ്മിറ്റി അംഗങ്ങളിൽ നിന്ന് നിശ്ചിത ഫോറം ഒപ്പ് വെച്ച് വാങ്ങുകയും സ്വാഗതസംഘം ഭാരവാഹികളുടെ വിവരങ്ങൾ പൂരിപ്പിച്ച് ഫോറത്തോടൊപ്പം ഓഫീസിൽ നൽകേണ്ടതുമാണ്.

* ഓരോ പരിപാടി കഴിയുമ്പോഴും റിപ്പോർട്ട് ഓഫീസിലേക്കും മാധ്യമങ്ങൾക്കും നൽകേണ്ടതാണ്.

എന്ന്

സമസ്താലയം
24-12-2018

ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി (ഒപ്പ്)
(സ്വാഗതസംഘം ജനറൽ കൺവീനർ)